# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4792** **19.05.2017-ൽ മറുപടിയ്ക്ക്**

## നെയ്യാർ ഡാം മത്സ്യോൽപാദന കേന്ദ്രത്തിന്റെയും അക്വേറിയത്തിന്റെയും വികസനം

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ നെയ്യാർ ഡാം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മത്സ്യോൽപാദന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ; | എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ നെയ്യാർഡാം കേന്ദ്രമാക്കി പ്രവർത്തിയ്ക്കുന്ന നെയ്യാർഡാം ഹാച്ചറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 2014-15 സാമ്പത്തിക വർഷം 344 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 276.3 ലക്ഷം രൂപ ഉപയോഗിച്ച് ഹാച്ചറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ 80% പണികൾ പൂർത്തീകരിച്ചിട്ടു ണ്ട്.<br><br>കൂടാതെ അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി 320 ലക്ഷം രൂപ അനുവദിയ്ക്കുകയും 194.85343 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തു. പ്രസ്തുത തുക ഉപയോഗിച്ച് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| ബി) നെയ്യാർ ഡാം അക്വേറിയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഒരു മാതൃകാ അക്വേറിയമായി ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ? | ബി) അഡാക്കിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച 2017-18-ലെ ആക്ഷൻ പ്ലാനിൽ നെയ്യാർ ഡാം അക്വേറിയത്തിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് സെയിൽസ് കൗണ്ടർ സ്ഥാപിക്കൽ, ഓവർ ഹെഡ് ടാങ്ക് നിർമ്മാണം, നിലവിലുള്ള കുളങ്ങൾക്ക് ഇപോക്സി പെയിന്റടിക്കൽ, കുളങ്ങളെ ഫൈബർ ഷീറ്റുകൊണ്ട് വേർതിരിക്കൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ